02
2025
മെയ്
വെള്ളി
മേടം 19

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.128 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-128 | പേജ് 4. വില 2.00 രൂപ








# വിഴിഞ്ഞം തുറമുഖത്തിന് ഉമ്മൻ ചാണ്ടിയുടെ പേരിടണം:കെ സുധാകരൻ എംപി




തിരുവനന്തപുരം: വിഴിഞ്ഞം സ്വപ്ന പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽനിന്ന് പ്രതിപക്ഷനേതാവിനെ മാറ്റിനിർത്താൻ ശ്രമിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ നാണംകെട്ടെന്ന് കെപിസിസി പ്രസിഡന്റ് കെ സുധാകരൻ എംപി. പ്രതിപക്ഷം തുറന്നുകാട്ടിയതോടെയാണ് സർക്കാരും ബിജെപിയും ചേർന്ന് പിണറായി സർക്കാരിന്റെ വാർഷികം ആഘോഷിക്കുവാൻ നടത്തിയ നീക്കം പൊളിഞ്ഞത്. പ്രതിപക്ഷ നേതാവിനെ ഒഴിവാക്കിയും പ്രധാനമന്ത്രിയെ ക്ഷണിക്കുകയും ചെയ്തത് ബിജെപിയെ സ്വാധീനിച്ച് മാസപ്പടി കേസിൽനിന്ന് രക്ഷപ്പെടാനുള്ള മുഖ്യമന്ത്രി പിണറായി വിജയന്റെ തന്ത്രമായിരുന്നു. കേരള ഹൗസിൽ വച്ച് കേന്ദ്രധനമന്ത്രി നിർമല സീതാരാമനുമായി നടത്തിയ കൂടിക്കാഴ്ചയുടെയും ബിജെപി ഗവർണർമാരുമായി നടത്താനിരുന്ന കൂടിക്കാഴ്ചയുടെയും തുടർച്ചയായിട്ടാണ് പ്രധാനമന്ത്രിക്കു മാത്രം ചുവന്ന പരവതാനി വിരിച്ചത്. എന്നാൽ ഇക്കാര്യം പുറത്തുവന്നതോടെ സർക്കാരിനു തിരുത്തേണ്ടി വന്നു. 2023 ഒക്ടോബറിൽ ആദ്യ കപ്പൽ ക്രെയിനുമായി വന്നപ്പോൾ സർക്കാർ നടത്തിയ ആഘോഷത്തിനിടയിൽ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പേരുപോലും പറയാതിരുന്ന പിണറായി വിജയൻ ഇത്തവണ ആ തെറ്റു തിരുത്തണം. പദ്ധതിയുടെ ശില്പി എന്ന നിലയിൽ വിഴിഞ്ഞം തുറമുഖത്തിന് ഉമ്മൻ ചാണ്ടിയുടെ പേരു നല്കണമെന്ന് സുധാകരൻ ആവശ്യപ്പെട്ടു. തുറമുഖ പദ്ധതിയെ തുറന്നെതിർക്കുകയും അഴിമതി ആരോപിക്കുകയും ചെയ്തിട്ടും 2015ൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ശിലാസ്ഥാപന ചടങ്ങിൽ പ്രതിപക്ഷനേതാവിനെ ക്ഷണിച്ചിരുന്നു. 5500 കോടി രൂപയുടെ വിഴിഞ്ഞം പദ്ധതിയിൽ 6000 കോടി രൂപയുടെ അഴിമതി ആരോപിക്കുകയും ജുഡീഷ്യൽ കമ്മിഷനെ വയ്ക്കുകയും വിജിലൻസിനെക്കൊണ്ട് ഉമ്മൻ ചാണ്ടിക്കെതിരേ അന്വേഷണം നടത്തിക്കുകയും ചെയ്ത ശേഷമാണ് 'വിഴിഞ്ഞം വിജയന്റെ വിജയഗാഥ' എന്ന മട്ടിൽ ഇപ്പോൾ പ്രചരിപ്പിക്കുന്നത്. കുടുംബസമേതം വരെ തുറമുഖത്തെത്തി ക്രെഡിറ്റെടുക്കാൻ ശ്രമിച്ച മുഖ്യമന്ത്രിയാണ് പിണറായി വിജയൻ. കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം തുടങ്ങിയ പദ്ധതികളെല്ലാം യുഡിഎഫിന്റേതാണ്. സ്വന്തമായി ഒരു പദ്ധതി ആവിഷ്കരിക്കാനോ, നടപ്പാക്കാനോ സാധിക്കാത്ത പിണറായി വിജയനെയാണ് സൂര്യൻ, ചന്ദ്രൻ, അർജുനൻ, യുദ്ധവീരൻ, കപ്പിത്താൻ, ക്യാപ്റ്റൻ എന്നൊക്കെ സിപിഎം അടിമകൾ അഭിസംബോധന ചെയ്യുന്നത്. '5000 കോടിയുടെ ഭൂമി തട്ടിപ്പും കടൽക്കൊള്ളയും', 'മത്സ്യബന്ധനത്തിന് മരണമണി', 'കടലിന് കണ്ണീരിന്റെ ഉപ്പ്', തുടങ്ങിയ തലക്കെട്ടുകൾ നിരത്തിയ പാർട്ടി പത്രം 2023ൽ ആദ്യത്തെ കപ്പൽ എത്തിയപ്പോൾ എഴുതിയത് 'തെളിഞ്ഞത് സർക്കാരിന്റെ ഇച്ഛാശക്തി' എന്നായിരുന്നു. ഇത്രയെല്ലാം ആരോപണങ്ങളും ആക്ഷേപങ്ങളും ഉയർത്തിയശേഷം ഒരു ഉളുപ്പിമില്ലാതെ ഇതെല്ലാം വിജയന്റെ വിജയഗാഥയായി പ്രചരിപ്പിക്കാൻ സിപിഎമ്മിനു മാത്രമേ കഴിയൂ. മാപ്പ് എന്നൊരു വാക്കെങ്കിലും ഉദ്ഘാടന ദിവസം പിണറായി വിജയനിൽനിന്നു കേരളത്തിലെ ജനങ്ങൾ പ്രതീക്ഷിക്കുന്നുണ്ടെന്ന് സുധാകരൻ പറഞ്ഞു.

# വിവാദങ്ങൾക്ക് വിരാമം; വിഴിഞ്ഞം തുറമുഖ ഉദ്ഘാടനത്തിലേക്ക് പ്രതിപക്ഷ നേതാവിന് ക്ഷണം



ശശിതരൂർ വിഴിഞ്ഞം തുറമുഖം സന്ദർശിച്ചപ്പോൾ

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖ ഉദ്ഘാടനത്തിലേക്ക് പ്രതിപക്ഷ നേതാവ് വി. ഡി. സതീശന് ക്ഷണം. തിങ്കളാഴ്ചത്തെ തീയതി രേഖപ്പെടുത്തിയ, തുറമുഖ മന്ത്രി വി. എൻ. വാസവന്റെ ക്ഷണക്കത്ത് അൽപം മുമ്പ് പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിൽ എത്തിച്ചു.

തന്റെ സ്വന്തം ലെറ്റർപാഡിലാണ് ക്ഷണക്കത്ത് നൽകിയതെന്ന് മന്ത്രി പറഞ്ഞു. പങ്കെടുക്കുന്നവരെ സംബന്ധിച്ച കാര്യങ്ങളിന്മേൽ തിങ്കഴാചയാണ് അന്തിമതീരുമാനമെടുത്തത്.

ഇന്ന് പ്രതിപക്ഷ നേതാവിനുൾപ്പടെ കത്ത് നൽകി. ആരെയൊക്കെ അതിൽ പങ്കെടുപ്പിക്കണമെന്ന തീരുമാനം കേന്ദ്രത്തിൻറേതാണ്. ഇന്ന് ഇതുമായി ബന്ധപ്പെട്ട തീരുമാനമുണ്ടാകുമെന്നാണ് കരുതുന്നത്.

അതിൽ സങ്കുചിതമായ ഒരു കാഴ്ചപ്പാടുമില്ല. ആരെയും മാറ്റി നിർത്തുന്ന പ്രശ്നമില്ല. സ്ഥലം എംഎൽഎക്കും എംപിക്കും എല്ലാം ക്ഷണക്കത്ത് നൽകിയിട്ടുണ്ട്. വിഴിഞ്ഞവുമായി ബന്ധപ്പെട്ട് എന്ത് സംഭവിച്ചാലും വിവാദങ്ങൾ ഉണ്ടാകാറുണ്ട് വി. എൻ. വാസവൻ പറഞ്ഞു. വിഴിഞ്ഞം തുറമുഖ കമ്മീഷനിംഗ് ചടങ്ങിലേക്ക് പ്രതിപക്ഷ നേതാവിനെ വിളിക്കാത്തത് വിവാദമായിരുന്നു.

സർക്കാരിന്റെ വാർഷിക ആഘോഷങ്ങളുടെ ഭാഗമായാണ് പരിപാടിയെന്നും, പ്രതിപക്ഷം അത് ബഹിഷ്കരിക്കുന്നു എന്നുമായിരുന്നു സർക്കാരിന്റെ അനൗദ്യോഗിക വിശദീകരണം. സർക്കാർ വാദം തള്ളിയ പ്രതിപക്ഷം ചടങ്ങ് ബഹിഷ്കരിക്കില്ലെന്നും തീരുമാനിച്ചു.

# ബ്രഹ്മാണ്ഡനടനത്തിനു ദഫിന്റെ പേർഷ്യൻ രാജകുമാരിയൊരുക്കിയ ഢമരുനാദം

ദക്ഷിണേന്ത്യൻ സംസ്കൃതിയുടെ സഹസ്രാബ്ദങ്ങൾക്കപ്പുറമുള്ള അടരുകളിൽ നിന്നും അതിശയിപ്പിക്കുന്ന ഒരു ചരിത്രമുഹൂർത്തം ചലച്ചിത്ര മായി തിരുവനന്തപുരത്തെ വിസ്മയാസ് മാക്സിൽ ഒരുങ്ങുന്നു.!

ദ്രാവിഡാവർത്തത്തിലെ, സംഘകാലയുഗത്തിലെ അതിഗംഭീരന്മാരായ ചക്രവർത്തിമാരുടെ, ചേര ,ചോള, പാണ്ഡ്യ ഛത്രപതിമാരുടെ പ്രണയവും,കാമനകളും, വൈരവും,ശത്രുതയും, പ്രതികാരവും, പടയോട്ടങ്ങളും പ്രതിപാദിക്കുന്ന ഇതിഹാസതുല്യമായ കാവ്യഗ്രന്ഥങ്ങളാണല്ലോ ആകാനാനൂറും പുറനാനൂറും മണിമേഖലയടക്കമുള്ള സംഘകാല സാഹിത്യസൃഷ്ടികൾ! അതിൽ 'അകനാനൂറിനെ' അധികരിച്ചു അതേ പേരിൽ തയ്യാറാകുന്ന ചലച്ചിത്ര ഭാഷ്യമാണ് വിസ്മയാസമാക്സിൽ ഒരുങ്ങുന്നത്. ഏറ്റവും പുതിയ കാലത്തിന്റെ, തികച്ചും ആധുനികമായ നിർമ്മാണ, ആഖ്യാന രീതികൾ അവലംബിച്ചാണ് തെന്നിന്ത്യയുടെ ഏറ്റവും പുരാതനമായ ജീവിതത്തെയും ചരിത്രത്തെയും ഇതിന്റെ അണിയറപ്രവർത്തകർ അണിയിച്ചൊരുക്കുന്നത്.!

പുതിയകാലത്തിനു അത്രകണ്ട് പരിചിതമല്ലെങ്കിലും സംഘകാല ചരിത്രത്തിലെ അനശ്വര പരിവേഷമുള്ള ഗംഭീരകഥാപാത്രങ്ങൾ പുതിയ



ആസ്വാദനസംസ്കാരത്തെ അങ്ങേയറ്റം ത്രസിപ്പിക്കുന്നതായിരിക്കുമെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. ഉത്തരേന്ത്യൻ ചരിത്രാധിപത്യത്തിന്റെ വേലിയേറ്റത്തിൽ പ്രാധാന്യം മങ്ങിപ്പോയ ഈ ദക്ഷിണേന്ത്യൻ ചരിത്രകഥാപാത്രങ്ങൾ വാനോളം വലിപ്പമുള്ളവരും മഹാശിലായുഗാനന്തര മാനവചരിത്രത്തിലെമ്പാടും നിറഞ്ഞുനിൽക്കുന്നവരും തന്നെയാണ്. അതുതന്നെയാണ് 'അകനാനൂറിൻറെ' ആഖ്യാനത്തിലെ സവിശേഷതയും വെല്ലുവിളിയും!.ചരിത്രവും, പുരാണവും,പുരാവൃത്തവും, ഫാൻറെസിയും, മായികയാഥാർത്ഥ്യങ്ങളും സമന്വയിക്കുന്ന ഏഴു ഗാനങ്ങളും വർഷങ്ങൾ നീണ്ട തപസ്യയുടെയും ഗവേഷണത്തിന്റെയും പിൻബലത്തിൽ തയ്യാറാക്കിയ തിരക്കഥയും അതിന്റെ വിഷ്വൽ സ്റ്റോറി ബോർഡും എല്ലാം ചേർന്ന് സിനിമയുടെ കാഴ്ചയുടെ ചരിത്രത്തിലെ വേറിട്ട അനുഭവമാക്കാനുള്ള തയ്യാറെടുപ്പിലാണ് വിസ്മയാസമാകസിലെ അറുപതോളം വരുന്ന സർഗ്ഗധനർ. ജീവിത നി...മായി കൊണ്ടുനടന്ന സിനിമയിലേക്കുള്ള ഓരോ ചുവടുകളും പിന്നിടുമ്പോൾ സംവിധായകനായ കെ.ഡി ഷൈബു മുണ്ടക്കലിന് ആത്മവിശ്വാസവും കരുത്തും വന്നുചേരുന്നു. ശൈശവത്തിലെ അമ്മക്കഥകളുടെ വിരുവവും,പിന്നീടു നാടകകലാപ്രവർത്തനവും, തുടർന്ന് വരകളുടെയും,എഴുത്തിൻറെയും ഉൾക്കരുത്തും, അതു വിടർന്നു വിലസിയത് ആനിമേഷൻറെയും ഫാൻറെസിയുടേയും ആധുനീക കലാ ലോകത്തി ലേക്കായിരുന്നു. അപ്പോഴും കൂടെക്കൊണ്ടു നടന്ന സിനിമ പതുക്കെ രൂപം കൊള്ളുകയായിരുന്നു. വർഷമേഘങ്ങൾക്കു ഇഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ളിടത്തു മഴ പെയ്യിക്കാം.

എന്നതു പോലെയാണ് അകനാനൂറിലെ കഥാ സങ്കൽപ്പങ്ങളുടെ ചിന്തകൾ ഷൈബു മുണ്ടക്കൽ യൂണിവേഴ്സൽ ക്യാൻവാസിൽ ഫ്രെയിം ചെയ്തിരിക്കുന്നത്. അകനാനൂറിലെ ശിവതാണ്ഡവനൃത്തം സ്വീകരിച്ചിരിക്കുന്നതു തന്നെ പ്രപഞ്ചനൃത്തമായാണ്. അതിൻറെ അടരുകളും,ഓംകാരനാദവും ദിഗന്ദങ്ങൾ ഭേദിക്കുന്നു.ശിവസങ്കൽങ്ങളായ ശൂലം, കപോലം,കടുംതുടി, രുദ്രാക്ഷം തുടങ്ങിയ ലോകൈക ബിംബങ്ങളിൽ മെനഞ്ഞെടുത്ത ഗാനത്തിന്റെ വരികൾ എഴുതിയിരിക്കുന്നതും ഷൈബുമുണ്ടക്കൽ ആണ്. ഏഴരമിനിട്ടു ദൈർഘ്യമുള്ള പാട്ടിൻറെ ഓർക്കസ്ട്രഷൻ നിർവ്വഹിച്ചിരിക്കുന്നത് അതതു മേഖലകളിൽ ലോക പ്രശസ്തരായ സംഗീതജ്ഞരാണ്. താണ്ഡവഗാനത്തിനായി ദഫ് പ്ലേ ചെയ്തതു ലോകപ്രശസ്ത ഇറാനിയൻ ദഫ് വാദകയായ അസൽ മലേകസ്ദായാണ്. അവരുടെ വാദനം എല്ലാവരേയും അത്ഭുതപ്പെടുത്തി. താണ്ഡവ നൃത്തത്തിന്റെ അകമ്പടിയോടെ വരുന്ന ഗാനപശ്ചാത്തലവും ആ കലാകാരിയെ ആവേശം കൊള്ളിച്ചു. അകനാനൂറിൻറെ കഥാപശ്ചത്തലവും അവരെ അത്ഭുതപ്പെടുത്തി. ഗാനത്തിനുവേണ്ട ഇന്ത്യൻശൈലികളും ദഫിൽ പ്രയോഗിച്ചിട്ടുണ്ട്. ലോകപ്രശസ്ത ഉപകരണ വാദകരുടെ നിരയിൽ പ്രമുഖസ്ഥാനമുള്ള അസ്സൽ മലേക് സാദേയുടെ ഈ ഗാനത്തിനായുള്ള ഒത്തുചേരൽ പ്രപഞ്ചനൃത്തമെന്ന ആശയത്തിൻറെ പ്രതിധ്വനി അവരുടെ കൈവിരലുകളിൽ നിന്നും എല്ലാ അർത്ഥത്തിലും താളത്തിലും ഉയർന്നു കേട്ടതുതന്നെ തൃപ്തിപ്പെടുത്തിയെന്നു സംവിധായകനായ കെ.ഡി.ഷൈബു മുണ്ടക്കൽ പറഞ്ഞു.

# അഭിനയത്തിന്റെ വിശ്വരൂപം

യേശുദാസ് വില്യം




മോഹൻലാലിന്റെ വിശ്വരൂപം തീയ്യറ്ററുകളിൽ നിറഞ്ഞാടുന്നു. ഇന്നു റിലീസ് ചെയ്ത 'തുടരും' എന്ന സിനിമയിലാണ് മോഹൻലാലിന്റെ വിശ്വരൂപം പ്രേക്ഷകരെ അത്ഭുതപരതന്ത്രരാക്കുന്നത്. തരുൺമൂർത്തി സംവിധാനം ചെയ്ത ചിത്രത്തിലെ മോഹൻലാന്റെയും ശോഭനയുടെയും അഭിനയമുഹൂർത്തങ്ങളും നിറഞ്ഞപ്പോൾ പ്രേക്ഷകർ പ്രതീക്ഷിച്ചതിലും അപ്പുറത്തെന്തോ കിട്ടിയതുപോലെയാണ് സിനിമകഴിഞ്ഞിറങ്ങിയപ്പോൾ ഫീൽ ചെയ്തത്. ഒന്നു പറയാം മോഹൻലാലിലെ നടനെയും താരത്തെയും തൊട്ടുണർത്തുവാൻ വിദേശലൊക്കഷനുകളും, വൻ താരനിരകളും, കോട്ടുകളണിഞ്ഞ് മെഷീൻ ഗണ്ണുകളേന്തിയ ഹോളിവുഡ്ഡു താരങ്ങളുടെ സാമീപ്യവും ഹെലികോപ്റ്ററുകളുടെയും ആവിശ്യമില്ലന്ന് തുടരും സിനിമയിലെ മോഹൻലാലിന്റെ ബെൻസ് എന്നു വിളിപ്പേരുള്ള ടാക്സി ഡ്രൈവർ ഷൺമുഖൻ പലപ്രാവിശ്യം കാണിച്ചുതന്നു. കമ്പം തേനിയിലെ നാലാം കിട ലോഡ്ജിന്റെ വരാന്തയിലാണ് താരം തന്റെ വിശ്വരൂപം പുറത്തെടുത്തതു. പറയേണ്ടതില്ലല്ലോ തീയ്യറ്ററുകൾ ഇളകിമറിഞ്ഞു. മോഹൻലാലിന്റെ തട്ടകം കൂടിയായ തിരുവനന്തപുരം ന്യൂ തീയ്യറ്ററിലെ തുടക്കദിവസത്തെ മോഹൻലാലിന്റെ ആരാധകർ ആവേശം കൊണ്ടു ആനന്ദക്കണ്ണീർ പൊഴിച്ചു. പിന്നെ എത്രയെത്ര മുഹൂർത്തങ്ങൾ: മോഹൻലാലിൽ നിന്നും ആരാധകർ ആഗ്രഹിച്ചതൊക്കെ ഉരുൾ പൊട്ടലുകൾ പോലെ വന്നു കൊണ്ടിരുന്നു. കുടുംബ പ്രേക്ഷകർക്കുള്ള അവസരം വരുദിവസങ്ങളിലാണ്. എന്നാൽ തുടക്കം ഇങ്ങെനെയൊന്നുമായിരുന്നില്ല: സോറി കഥ പറയുന്നില്ല. പക്ഷേ കുടുംബത്തിലെ മക്കളുടെ സുഹൃത്തായ അച്ഛനായും, പ്രണയം ഒളിപ്പിച്ച ഭർത്താവായും, കൊച്ചുകുട്ടികളുടെ പ്രിപ്പെട്ടവനായുമെല്ലാം ബെൻസ് സിനിമയിൽ നിറയുന്നു. മുൻപു സംവിധായകൻ രഞ്ജിത്തു പറഞ്ഞതു പോലെ ഈ തടിയും പ്രായവും ഒന്നും ലാലിന്റെ അഭിനയമികവിന് തടസ്സമാവില്ല ആദ്യത്തെ പതിനഞ്ചു മിനിട്ടുകൾ കഴിയുമ്പോഴേക്കും നമ്മളറിയാതെ തന്നെ ലാലിന്റെ മായികവലയത്തിൽ ലയിച്ചുപോകും. തേൻമാവിൻ കൊമ്പ്, മണിച്ചിത്രത്താഴ്, തുടങ്ങി ഒട്ടേറെ സിനിമകളിൽ ഒന്നിച്ചഭിനയിക്കുന്ന ലാൽ ശോഭന ജോഡികളെ നേരിട്ടു കണ്ടിട്ടുണ്ട്. വർഷങ്ങൾക്കുശേഷം തുടരും സിനിമ ചിത്രീകരിക്കുമ്പോഴും ഇവരൊന്നിച്ചു ക്യാമറക്കുമുമ്പിൽ പെർഫോം ചെയ്യുന്നതു കണ്ടു. ഓരോന്നിലും വ്യത്യസ്തമായ രീതിയും ശൈലിയും. കണ്ണു നിറയിക്കുകയും, ഗദ്ഗദപ്പെടുത്തുകയും ചെയ്യുന്ന മുഹൂർത്തങ്ങൾ പരസ്യചിത്രങ്ങളിലൂടെ പ്രശസ്തനായ പ്രകാശ് വർമ്മയുടെ കിടിലൻ പെർഫോമൻസ് ഈ സിനിമക്കു മുതൽക്കൂട്ടാണ്. അതുപോലെ തന്നെയാണ് കുതിരവട്ടം പപ്പുവിന്റെ മകൻ ബിനു പപ്പുവിന്റെ എസ്സ്. ഐ കഥാപാത്രം. അഭിനയത്തിന്റെ പൈതൃകം വെളിവാക്കുന്നു. മികച്ച തിരക്കഥയും സംഭാഷണവും മികവുറ്റതാക്കിയ സിനിമയുടെ സംവിധായകൻ തരുൺമൂർത്തി നാഴികക്കല്ലാവുന്ന സിനിമയിലൂടെ പുതിയ പട്ടം ചാർത്തപ്പെടും. കഥയുടെ പുതുമയും പ്രത്യേകതകളും ശ്രദ്ധിക്കുന്ന രജപുത്ര രഞ്ജിത്തിനും വേറിട്ട നിർമ്മാണ ശൈലിയിലുടെ തുടരും വിജയപഥത്തിലെത്തിച്ചതിന്റെ ഫുൾ ക്രഡിറ്റും നൽകാം. കഥയും, കഥാപാത്രങ്ങളും രഹസ്യമാക്കി ലൊക്കേഷനുകളെ മീഡിയായിൽ നിന്നും മുക്തമാക്കി സിനിമകൾ ചിത്രീകരിക്കുന്ന ഇപ്പോഴത്തെ രീതിയിൽ നിന്നും വ്യത്യസ്തമായിട്ടായിരുന്നു തരുൺമൂർത്തിയും രഞ്ജിത്തും സിനിമ ചിത്രീകരിച്ചത്. മോഹൻലാൽ സിനിമകളുടെ ലോഗ്റൺ റിക്കാഡുകൾ തുടരും എഴുതിച്ചേർക്കു മെന്ന കാര്യത്തിൽ ആർക്കും സംശയം വേണ്ട.

# കേരളത്തിന്റെ മുഖമുദ്രയായ മൈനർ തുറമുഖങ്ങൾ സംരക്ഷിക്കണം

**യേശുദാസ് വില്യം**

(മാനേജിംഗ് എഡിറ്റർ)



തിരുവനന്തപുരം: വിഴിഞ്ഞം ഇന്റർനാഷണൽ ട്രാൻഷിപ്മെന്റ് തുറമുഖമായി വികസിക്കുമ്പോൾ കേരള സർക്കാർ സ്ഥാപനമായ കേരള മാരിടൈം ബോർഡിന്റെ അധീനതയിലുള്ള 17 മൈനർ തുറമുഖങ്ങളും ഇതിനോടൊപ്പം കേരളത്തിന്റെ അഭിവൃദ്ധിക്കായി വികസിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത് പരമ പ്രധാനമായ ഒരു കാര്യമാണ്.

കേരളത്തിലെ വിഴിഞ്ഞം മൈനർ പോർട്ട് ഉൾപ്പെടെയുള്ള 17 മൈനർ തുറമുഖങ്ങളെ വികസിപ്പിച്ച് തീരദേശ കപ്പൽ സർവീസും, യാത്ര സൗകര്യങ്ങളും, കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള നമ്മുടെ ഹൈവേകളിലൂടെ ട്രക്കുകളിൽ പോകുന്ന അപകടകരമായ കെമിക്കൽ ഉത്പന്നങ്ങൾ, ആസിഡുകൾ പെട്രോളിയം പ്രോഡക്ട്സ്, വിവിധ ഗ്യാസ്സ് ഉത്പന്നങ്ങൾ തുടങ്ങിയവ 580 കിലോമീറ്റർ ദൈർഘ്യമുള്ള കടൽ തീരം ഉപയോഗിച്ച് തീരദേശ മൈനർ തുറമുഖങ്ങൾ വഴി, കേരളത്തിന്റെ തെക്കു മുതൽ വടക്കു വരെ കുറഞ്ഞ ചിലവിൽ റോ റോ കപ്പലുകൾ, വഴിയും, ബാർജുകൾ വഴിയും, ട്രാൻസ്പോർട് നടത്താവുന്നതാണ്. ഇതിനു ആവശ്യമായ പദ്ധതികളും തീരുമാനങ്ങളും സംസ്ഥാന സർക്കാറിന്റെ ഒന്നാം മാരിടൈം ബോർഡ് മുൻകൈ എടുത്തു ബോർഡ് തീരുമാനം എടുത്ത് തീരദേശ കപ്പൽ സർവീസ് നടത്തിയതാണ്. എന്നാൽ പിന്നീട് വന്ന ബോർഡിന് അത് തുടർന്നു നടത്താനായില്ല. ഇത്തരത്തിൽ തീരദേശ കപ്പൽ സർവീസ് നടത്താനുള്ള മുൻകൈ സർക്കാർ എടുക്കുകയും ചെയ്യണം.

ഇതോടൊപ്പം പ്രധാനമായി പറയണ്ട ഒരു പ്രധാന വിഷയം മേയ് 2ന് കമ്മിഷൻ ചെയ്യുന്നതിന് പതിറ്റാണ്ടുകൾക്ക് മുമ്പു തന്നെ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും വിഴിഞ്ഞം മൈനർ തുറമുഖത്തെയും മറ്റും സ്വതന്ത്ര കസ്റ്റംസ് തുറമുഖമായി നോട്ടിഫൈ ചെയ്തിട്ടുള്ളതാണ്. മാരിടൈം ബോർഡും പുതിയ വിഴിഞ്ഞം തുറമുഖവും വരുന്നതിന് പതിറ്റാണ്ടു മുൻപ് തന്നെ ആയിരത്തിലധികം കൂറ്റൻ ക്രൂയിസ് ഷിപ്പുകളും, ചരക്കു കപ്പലുകളും ക്രൂ ചേഞ്ച് നടത്തുന്നതിനും ടൂറിസ്റ്റ്കളെ കേരളത്തിന്റെ തെക്കു കിഴക്കൻ ടൂറിസ്റ്റ് സ്പോട്ട്കൾ കാണിക്കുന്നതിനും മൈനർ തുറമുഖത്തിന്റെ ഔട്ടർ അങ്കറേജിൽ വന്ന് പോയിട്ടുള്ളതാണ്. അന്നൊക്കെ, കസ്റ്റംസ്സ് ക്ലീയറൻസും, ഇമിഗ്രേഷൻ ചെക്കിങ്ങും ഒരു അനാവശ്യ തടസ്സവുമില്ലാതെ നടക്കാറാണ് പതിവ്.

ഒന്നാം മാരിടൈം ബോർഡിന്റെ കാലത്ത് ചൈനയിൽ കോവിഡ് പൊട്ടി പുറപ്പെടുന്നതിന് മാസ്സങ്ങൾക്ക് മുൻപ് തന്നെ മാരിടൈം ബോർഡിന്റെ യോഗത്തിൽ ഒക്ടോബർ മാസം കേരളത്തിലെ വിഴിഞ്ഞം, കൊല്ലം ബേപ്പൂർ, അഴിക്കൽ (കണ്ണൂർ ) എന്നീ പ്രധാനപെട്ട മൈനർ തുറമുഖങ്ങളെ ക്രൂ ചേഞ്ച് ആൻഡ് ബങ്കറിങ് ടെർമിനലുകളായി ബഹുമാനപ്പെട്ട തുറമുഖ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിട്ടുള്ളതാണ്.

തുടർന്ന് തീരദേശ കപ്പൽ സർവീസ് ബഹു. മുഖ്യമന്ത്രി അഴീക്കൽ തുറമുഖത്ത് വെച്ച് ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഒന്നാം ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ഒന്നാം മാരിടൈം ബോർഡ് 738 ഭീമൻ മദർ ഷിപ്പുകളും, സൂപ്പർ ടാങ്കറുകളും വിഴിഞ്ഞം മൈനർ തുറമുഖത്തിന്റെ ഔട്ടർ ആങ്കറേജിൽ കൊണ്ട് വന്നു ക്രൂ ചേഞ്ച് ഉൾപ്പെടെ നിരവധി അനുബന്ധ സർവീസ്സുകൾ നടത്തി ആയിരക്കണക്ക് കപ്പൽ ജീവനക്കാരെ ക്രൂ ചെയ്ഞ്ച് നടത്തിയ വകയിൽ സർക്കാരിനും മാരിടൈം ബോർഡിനും 20 കോടി മേൽ രൂപയുടെ ലാഭമുണ്ടാക്കി. ക്രൂ ചേഞ്ച് കൂടാതെ 268 കോടിയോളം രൂപയാണ് മറ്റിനങ്ങളിൽ മൈനർ തുറമുഖങ്ങളിൽ നിന്നും അന്ന് ഒന്നാം മാരിടൈം ബോർഡ് വഴി സർക്കാരിന് വരുമാനം കിട്ടിയത്. അന്ന് ക്രൂ ചേഞ്ച് നടന്നത് കേന്ദ്ര സർക്കാരും, ഡിസാസ്റ്റർ മാനേജ്മെന്റും, ഡി. ജി. ഷിപ്പിംഗും ഇറക്കിയ ഉത്തരവുകളിലെ കോവിഡ് പ്രോട്ടോകോൾ പ്രകാരമാണ്, എല്ലാ തുറമുഖങ്ങളിലും കോവിഡ് കാലത്ത് പാലിക്കേണ്ട പ്രോട്ടോകോൾ പ്രകാരം കപ്പൽ ജീവനക്കാരും, കപ്പൽ ഏജന്റ്സ്, പോർട്ട് ജീവനക്കാർ തുടങ്ങി എല്ലാവരും പി. പി. ഇ കിറ്റ് ധരിക്കുക, മാസ്ക് ഇടുക, രക്ത പരിശോധന നടത്തുക, കപ്പലിൽ കയറുകയും, ഇറങ്ങുകയും ചെയ്യുന്ന ക്രൂ – കപ്പൽ ജീവനക്കാർ 2 ആഴ്ച ക്വാറന്റൈനിൽ ഇരിക്കുക തുടങ്ങിയ കോവിഡ് പ്രൊട്ടോകോൾ പാലിച്ചാണ് ക്രൂ ചേഞ്ച് നടത്തിയത്.

എന്നാൽ ഒന്നാം ബോർഡിന്റെ കാലാവധി കഴിഞ്ഞതിന് ശേഷം കോവിഡ് വ്യാപനം അവസാനിച്ച മുറയ്ക്ക്, നേരത്തെ മുകളിൽ പറഞ്ഞ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ ഇറക്കിയ കോവിഡ് പ്രോട്ടോക്കോൾ ഇനി മുതൽ പാലിക്കേണ്ടതില്ല എന്ന് കാണിച്ച് രാജ്യത്തെ എല്ലാ തുറമുഖങ്ങളെയും, കസ്റ്റംസ്, ഇമ്മീഗ്രേഷൻ അധികാരികളുടെ ശ്രദ്ധക്കായി ഇറക്കിയ ഉത്തരവ് *ഇനി മുതൽ കേരളത്തിലെ മൈനർ തുറമുഖമായ വിഴിഞ്ഞത്ത് ക്രൂ ചേഞ്ച് നടത്തേണ്ടതില്ല* എന്ന് തെറ്റിദ്ധരിപ്പിച്ചാണ് ഇമിഗ്രഷൻ ഉദ്യാഗസ്ഥൻ വിഴിഞ്ഞം മൈനർ തുറമുഖത്തിന്റെ ഔട്ടർ അങ്കറേജിൽ മാരിടൈം ബോർഡിന്റെ ക്രൂ ചേഞ്ച് തടഞ്ഞത്.

എന്നാൽ രാജ്യത്ത് എല്ലാ തുറമുഖങ്ങളുടെയും ഔട്ടർ അങ്കറേജിൽ ക്രൂ ചേഞ്ച് നിർഭാതം നടത്തുന്നതിന് യാതൊരു തടസ്സവുമില്ല എന്ന് കാണിക്കുന്ന രേഖകൾ കോടതിയിലും ഇമ്മീഗ്രേഷൻ ഉദ്യോഗസ്ഥനെയും ബോധ്യപ്പെടുത്താൻ വിഴിഞ്ഞത്തെ കപ്പൽ കമ്പനിയുടെ ഏജന്റ്സ് ശ്രമിക്കുകയുണ്ടായി.

എന്നാൽ പിന്നീട് പുതിയ വിഴിഞ്ഞം ഇന്റർനാഷണൽ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ നിലവിൽ വന്നതിനു ശേഷം പ്രസ്തുത പുതിയ തുറമുഖം വഴി മൂന്ന് ക്രൂ ചേഞ്ച്കൾ പുറം കടലിൽ (ഔട്ടർ ആങ്കറേജിൽ ) നടന്നതായിട്ടാണ് അറിവ്.

മാരിടൈം ബോർഡിന്റെ വിഴിഞ്ഞം മൈനർ തുറമുഖത്തിന്റെ ഔട്ടർ ആങ്കറേജിൽ ഉള്ളതിനേക്കാൾ എന്തു കൂടുതൽ സെക്യൂരിറ്റിയാണ് പുതിയ വിഴിഞ്ഞം ഇന്റർനാഷനൽ തുറമുഖത്തിന്റെ ഔട്ടർ ആങ്കറേജിൽ പ്രത്യേകമായി ക്രൂ ചേഞ്ച് തടഞ്ഞ ഉദ്യോഗസ്ഥൻ കണ്ടത് എന്ന് അറിയാൻ പൊതുസമൂഹത്തിന് താൽപ്പര്യം ഉണ്ട്.

ഇതിലെ വൈരുദ്ധ്യം വിളിച്ചു പറയുന്നത് മാരിടൈം ബോർഡിന്റെ മൈനർ തുറമുഖത്തെ പൂർണമായും തളർത്തി നിശ്ചലമാക്കുക എന്നതാണ് ചില ഉദ്യോഗസ്ഥരുടെ ഉദ്ദേശവും താത്പര്യവും. ഒരു കാര്യം മനസിലാക്കേണ്ടത് ഇന്ത്യയിലെ എല്ലാ തുറമുഖങ്ങളിലും, അത് മേജർ തുറമുഖം ആയാലും, PPP തുറമുഖമായാലും, മൈനർ തുറമുഖമായാലും ക്രൂ ചേഞ്ച് നടക്കുന്നത് അതാതു തുറമുഖത്തിന്റെ കസ്റ്റംസ് നോട്ടീഫൈഡ് ഔട്ടർ അങ്കറേജിലാണ്, ( പുറംകടലിൽ ആണ്) കാരണം ഒരു കപ്പലും ക്രൂ ചേഞ്ചിനും മറ്റ് അനുബന്ധ സർവിസ്സിന് വേണ്ടി മാത്രമായിട്ട് കൊച്ചിയിലോ, പുതിയ ഇന്റർനാഷണൽ വിഴിഞ്ഞം തുറമുഖം ഉൾപ്പെടെ ഉള്ള രാജ്യത്തെയോ, ലോകത്തിലെ ഒരു തുറമുഖത്തും വരാറില്ല.

കാരണം ചെറിയ കപ്പൽ ആയാലും, മദർ വെസ്സൽ ആയാലും, ക്രൂ ചേഞ്ചിനും മറ്റ് അനുബന്ധ സർവിസ്സിന് വേണ്ടി മാത്രമായിട്ട് ഏത് തുറമുഖത്തിന്റെ ബർത്തിൽ വരുന്ന കപ്പലുകൾക്ക് കപ്പലിന്റെ TONNAGE ( കേവ്ഭാരം ) അനുസരിച്ച് പോർട്ട് ചാർജുകളും, ലൈറ്റ് ഹൗസ് ചാർജസും തുറഖത്തിനും, കസ്റ്റംസ്നും കൊടുക്കേണ്ടി വരും.

ഇൻഡ്യയിലെ എല്ലാ തുറമുഖത്തും ഔട്ടർ ആങ്കറേജിൽ ക്രൂ ചേഞ്ച് നടത്തുന്ന രേഖകൾ എമിഗ്രേഷൻ ഉദ്യാഗസ്ഥനും, ഹൈക്കോടതിയിലും, കപ്പൽ ഏജന്റ് അസോസിയേഷൻ ഹാജരാക്കിയിട്ടും, രണ്ടാം മാരിടൈം ബോർഡ് ഉദ്യോഗസ്ഥർ ഇന്നേ വരെ വിഴിഞ്ഞം മൈനർ തുറമുഖത്തിന്റെ ആങ്കറേജിൽ ക്രൂ ചേഞ്ച് നടത്തുവാൻ അനുമതിക്കായി ഒന്നും അനുകൂല നടപടിയും ചെയ്തില്ല എന്നാണ്, ബോർഡ് ഉദ്യോഗസ്ഥരെ നേരിൽ കാണാൻ പോയ വിഴിഞ്ഞത്തെ കപ്പൽ ഏജന്റ്സിന്റെ ആക്ഷേപം.

കഴിഞ്ഞ ദിവസം മെഡിക്കൽ എമർജൻസിയുമായി ബന്ധപെട്ടു ഒരു ക്രൂ വിനെ പുറം കടലിൽ ഇറക്കുവാൻ മാരിടൈം ബോർഡിന്റെ തുറമുഖ ആങ്കറേജിൽ, കേരളത്തിൽ തീരദേശ കപ്പൽ സർവീസ് നടത്തിയ ജെ. എം. ബാക്സി എന്ന കപ്പൽ കമ്പനി, ഒരു കപ്പൽ കൊണ്ട് വന്നെങ്കിലും, കപ്പൽ ഏജന്റ്സിന് പൊലീസ് ക്ലീറെൻസ് സർട്ടിഫിക്കറ്റ് ഇല്ലാതെ തുറമുഖത്തു കയറാൻ പറ്റില്ല എന്ന് പറഞ്ഞു ഇമ്മീഗ്രേഷൻ ഉദ്യോഗസ്ഥൻ ക്രൂ ചേഞ്ച് നിരസിച്ചിതിനെ തുടർന്നു അടിയന്തിരമായി ക്രൂവിനെ ഇറക്കേണ്ടത് കൊണ്ട് കപ്പൽ കമ്പനി ഉടനെ തന്നെ കപ്പലിനെ കൊച്ചി തുറമുഖത്തിന്റെ ഔട്ടർ ആങ്കറേജിൽ കൊണ്ടുപോയി ക്രൂ ചേഞ്ച് നടത്തുകയാണ് ഉണ്ടായത്. ക്രൂ ചേഞ്ച് കൂടതെ ബങ്കറിങ് ( ഡീസെൽ, മറ്റു തരത്തിലുള്ള ഫ്യൂവൽ സപ്ലൈ ) കപ്പലിലേക്ക് ആവശ്യമായ പ്രൊവിഷൻസ്, പച്ചക്കറി, വെള്ളം, മെക്കാനിക്കൽ എഞ്ചിനീറിങ് സർവീസ്, മറ്റ് അനുബന്ധ നിരവധി അവശ്യ സർവീസ്സുകൾ വിഴിഞ്ഞം ഉൾപ്പെടെയുള്ള മൈനർ തുറമുഖത്തിന്റെ പുറം കടലിൽ ചെയ്യാറാണ് എല്ലാ തുറമുഖങ്ങളിലെയും പതിവ്. ഇത്തരം സർവിസ്സ്കൾ നിഷേധിക്കുക വഴി മാരിടൈം ബോർഡിനും സർക്കാരിനും ഭീമമായ നഷ്ടവും നൂറു കണക്കു ആളുകൾക്ക് പല തരത്തിലുള്ള നേരിട്ടും അല്ലാതെയും തൊഴിൽ അവസരങ്ങളും നഷ്ടപ്പെടുന്നത് സംസ്ഥാന – കേന്ദ്ര സർക്കാർ കാണാതെ പോകരുത്. സ്വന്തം മൈനർ തുറമുഖത്തു ഇത്തരം ആവശ്യ സർവീസുകൾ ചെയ്യുന്നതിന് മാരിടൈം ബോർഡിന്റെ ഭാഗത്തു നിന്നു ഒരു പ്രോത്സാഹനവും പിന്തുണയും കിട്ടുന്നില്ല എന്ന കപ്പൽ കമ്പനികളുടെ ഇടയിലും, കപ്പൽ ഏജന്റ്സിന്റെയും, പൊതു സമൂഹത്തിലും സംസാരമുണ്ട്.

ആയതുകൊണ്ട് ഇക്കാര്യത്തിൽ ബഹുമാനപെട്ട മുഖ്യമന്ത്രിയും ബഹുമാനപെട്ട തുറമുഖ വകുപ്പ് മന്ത്രിയും മാരിടൈം ബോർഡും വിഴിഞ്ഞത്തെ തുറമുഖ ഏജന്റ്സിന്റെയും, തടസ്സം നിൽക്കുന്ന എമിഗ്രേഷൻ അധികാരികളുടെയും, ഉന്നതതല മീറ്റിങ് വിളിച്ച് ഇതിനൊരു ശാശ്വത പരിഹാരം കാണണമെന്നും സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

